# അക്കാദമിക മാസ്റ്റർ പ്ലാൻ




# ദേവി സഹായം സ്കൂൾ

പഴുന്നാന

# 2025 – 26

# പ്രൊഫൈൽ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ദേവി സഹായം സ്കൂൾ, പഴുന്നാന |
| ജില്ല | : | തൃശ്ശൂർ |
| വിദ്യാഭ്യാസജില്ല | : | ചാവക്കാട് |
| ഉപജില്ല | : | കുന്നംകുളം |
| വില്ലേജ് | : | ചെമ്മന്തട്ട |
| ക്ലസ്റ്റർ | : | ചൊവ്വന്നൂർ |
| പഞ്ചായത്ത് | : | ചൊവ്വന്നൂർ |
| ബ്ലോക്ക് | : | ചൊവ്വന്നൂർ |
| താലൂക്ക് | : | കുന്നംകുളം |
| സ്കൂൾ കോഡ് | : | 24330 |
| പ്രധാനാധ്യാപികയുടെ പേരും ഫോൺനമ്പറും | : | മേരി കെ. സൈമൺ<br>9497063519 |
| യുഡൈസ് കോഡ് | : | 3207050301 |
| സ്ഥാപിതവർഷം | : | 1932 |
| പുതിയ കെട്ടിടം നിർമ്മിച്ച വർഷം | : | 2023 |
| ഇ മെയിൽ | : | dslpspazhunnana@gmail.com |

**ഉള്ളടക്കം**


- ആമുഖം
- കാഴ്ചപ്പാട്
- വിദ്യാലയചരിത്രം
- ലക്ഷ്യങ്ങൾ
- പദ്ധതിയും പ്രവർത്തനങ്ങളും

    വിഷയം

    പഠനനേട്ടങ്ങൾ

    പഠനപ്രവർത്തനങ്ങൾ

    കാലയളവ്

- പ്രവർത്തനകലണ്ടർ
- ഉപസംഹാരം

## ആമുഖം

2025-26 വർഷം പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേൻമ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ. ഈ വിദ്യാലയത്തിലെ എല്ലാ കുട്ടികളിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കും. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ക്രിയാത്മകമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടു നയിക്കാൻ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നിറവേറ്റുന്നതിന് സമൂലമായ മാറ്റങ്ങൾ നമ്മുടെ വിദ്യാലയത്തിലും ഉണ്ടാക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലേക്കുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭിക്കാനുള്ള പഠനാന്തരീക്ഷവും ഈ അക്കാദമിക് പ്ലാനിലൂടെ സംജാതമാക്കുന്നു.

ഭാഷാപരമായ പിന്നോക്കാവസ്ഥ (മേഖല : ലേഖനം, വായന) പരിഹരിക്കുന്ന പ്രവർത്തനങ്ങൾ കഴിഞ്ഞ വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാനിലേക്കാൾ മികച്ച രീതിയിൽ ഈ വർഷം നടപ്പിലാക്കി പൂർണലക്ഷ്യത്തിലെത്തിക്കാനുള്ള ശ്രമത്തിലാണ്.

## കാഴ്ചപ്പാട്

### വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

ഭാഷാ ശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ സ്കൂളിലെ എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുകയും വായിക്കുകയും ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു. അതോടൊപ്പം കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കും. സ്വയം പഠനവും കൂട്ടായ പഠനവും പഠനപ്രക്രിയയുടെ ഭാഗമാക്കും. സമൂഹത്തിൽ ജീവിക്കാൻ ആവശ്യമായ മൂല്യബോധങ്ങൾ ഉളവാകാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കുന്നതോടൊപ്പം പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമാർജന അവബോധം എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യും.

നമ്മുടെ നാട്ടിൽ നിലവിലുള്ള വിദ്യാഭ്യാസ രീതിയുടെ ഗുണവശങ്ങൾ സ്വാംശീകരിച്ച് പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും. പഠനത്തെ പരിസരബന്ധിയും

ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര ബാധ്യതകൾ പ്രയോജനപ്പെടുത്തുകയും ക്യാമ്പസിനെ ഒരുപാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യും. ഒന്നാം ക്ലാസ് മുതൽ വായനാസംസ്കാരം പ്രോത്സാഹിപ്പിക്കും. പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകും.

സ്കൂളിലെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തി സാങ്കേതിക തികവാർന്നതും കാലഘട്ടത്തിന് അനുയോജ്യവുമായ ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകി അവരെ സമൂഹത്തിനും രാഷ്ട്രത്തിനും മുതൽക്കൂട്ടാവുന്ന തരത്തിൽ സ്വയം പര്യാപ്തമായ ഒരു ജനവിഭാഗമായി വളർത്തിയെടുക്കുക എന്നതാണ് ഞങ്ങളുടെ വികസന കാഴ്ചപ്പാട്.

## വിദ്യാലയ ചരിത്രം

സ്കൂൾ സ്ഥിതി ചെയ്യുന്നത് ഒരു കർഷ ഗ്രാമമായ പഴുന്നാനയിൽ ആണ്. ഇവിടത്തെ ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത്. പഴുന്നാനയിലെ ജനങ്ങളിൽ ഭൂരിഭാഗം പേരും ഇസ്ലാം മത വിശ്വാസികൾ ആയിരുന്നു വിദ്യാഭ്യാസത്തിന് ഒരു നിശ്ചിത കേന്ദ്രമോ ഗുരുവോ ഈ ദേശത്ത് ഉണ്ടായിരുന്നില്ല. എല്ലാ വിഭാഗം ജനങ്ങൾക്കും വിദ്യാഭ്യാസം ആവശ്യമാണ് എന്ന തിരിച്ചറിവിന്റെ വെളിച്ചത്തിലാണ് വിദ്യാലയത്തിന്റെ ആരംഭത്തിന് തുടക്കം കുറിച്ചത്.

പഴുന്നാന പ്രദേശത്തെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം ലക്ഷ്യമാക്കി കുന്നംകാളത്ത് കുഞ്ഞിക്കാവുഅമ്മ മകൻ ശ്രീ. അച്ച്യുതപണിക്കർ ആണ് 1932ൽ ഈ വിദ്യാലയം സ്ഥാപിച്ചത്. പിന്നീട് 1955 ൽ ശ്രീ. കുമാരൻ പണിക്കർക്കായി ഈ വിദ്യാലയത്തിന്റെ ഉടമസ്ഥാവകാശം. അദ്ദേഹം ഈ സ്കൂളിലെ തന്നെ അധ്യാപകനായതിനാൽ അദ്ദേഹത്തിന്റെ പത്നി ഗൗരിയമ്മ ആയിരുന്നു മാനേജർ. അവരുടെ മരണശേഷം ഈ വിദ്യാലയത്തിന്റെ ചുമതലകൾ എല്ലാം നിർവഹിക്കുന്നത് മകൻ ശ്രീ. രാമകൃഷ്ണനാണ്. പുന്നത്തൂർ രാജവംശത്തിന്റെ പടത്തലവൻമാരായിരുന്നു കുന്നംകാളത്ത് തറവാട്ടുകാർ. ആയതിനാൽ തറവാടിനോട് ചേർന്ന് തന്നെ ഒരു കളരി പ്രവർത്തിച്ചിരുന്നു. ആയുധങ്ങൾ സൂക്ഷിക്കാനും ആയുധ പരിശീലനത്തിനും വിദ്യാ പഠനത്തിനും വേണ്ടിയായിരുന്നു ഈ കളരി. ഈ കളരിയിൽ ദേവി പ്രതിഷ്ഠയും ഉണ്ടായിരുന്നു. ഈ പ്രതിഷ്ഠയെ അടിസ്ഥാനമാക്കിയാണ് പഴുന്നാന സ്കൂളിന് ദേവി സഹായം സ്കൂൾ എന്ന പേര് കുന്നംകാളത്ത് തറവാട്ടുകാർ നൽകിയത്.

ഇന്നത്തെ കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ ഈ വിദ്യാലയത്തിലും വന്നിട്ടുണ്ട്. 2021 ഒക്ടോബറിൽ സ്കൂളിന് ഒരു പുതിയ കെട്ടിടത്തിന് തറക്കല്ലിടുകയും 2022-23 അധ്യയന വർഷത്തിൽ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്തു. 2023 മെയ് 26ന് പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കപ്പെടുകയും ജൂൺ 1 ന്പുതിയ കെട്ടിടത്തിൽ പഠനം ആരംഭിക്കുകയും ചെയ്തു.

## ലക്ഷ്യങ്ങൾ

**1. മലയാളം**

സ്കൂളിലെ ഒന്നുമുതൽ നാല് വരെ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ ക്ലാസ് നിലവാരം അനുസരിച്ച് മലയാള ഭാഷയിൽ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി കൈവരിക്കും. ഭാഷാ പഠനത്തിലൂടെ സ്വതന്ത്ര വായന, സ്വതന്ത്ര രചന എന്നിവ നടത്തുവാൻ പ്രാപ്തരാക്കും.

ഓരോ കുട്ടിയുടെയും സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള കഴിവുകൾ വികസിപ്പിക്കുന്നു.

**2. ഇംഗ്ലീഷ്**

ഓരോ ക്ലാസിന്റെ നിലവാരം അനുസരിച്ച് ഇംഗ്ലീഷ് ഭാഷയുടെ വിവിധ വ്യവഹാരരൂപങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുക.

ഇംഗ്ലീഷ് ഭാഷയിലൂടെ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി ഉറപ്പുവരുത്തുക

ഇംഗ്ലീഷ് കഥകളും കവിതകളും മറ്റ് മാധ്യമങ്ങളും വായിച്ചും കേട്ടും ആസ്വദിക്കാൻ പ്രാപ്തരാക്കുക.

**3. ഗണിതം**

സ്കൂളിലെ വിദ്യാർത്ഥികൾക്ക് അവരുടെ ക്ലാസ് നിലവാരമനുസരിച്ച് ലഭിക്കേണ്ട എല്ലാ പഠനനേട്ടങ്ങളും ഉറപ്പുവരുത്തുക.

ഗണിത പ്രശ്നങ്ങൾ അപഗ്രഥിച്ച് നിർധാരണം ചെയ്യുന്നതിനും, പ്രായോഗിക തലത്തിൽ അവ ഉപയോഗിക്കുന്നതിനും പ്രാപ്തരാക്കുക.

ചതുഷ്ക്രിയകൾ ചെയ്യുവാനുള്ള കഴിവ് നേടുക.

**4. പരിസരപഠനം**

സ്വന്തം പരിസരത്തെ സൂക്ഷ്മമായി നിരീക്ഷിക്കാനും മനസ്സിലാക്കുവാനും പ്രാപ്തരാക്കുക.

സ്വന്തം പരിസരത്തു നടക്കുന്ന പ്രകൃതി നശീകരണ പ്രവർത്തനങ്ങൾ മനസ്സിലാക്കി അവയെ നേരിടുവാൻ സജ്ജരാക്കുക.

ഒന്നുമുതൽ നാലുവരെയുള്ള ക്ലാസുകളിൽ പരീക്ഷണ നിരീക്ഷണങ്ങൾ സ്വയം ചെയ്ത് നിഗമനത്തിൽ എത്തിക്കാനും അനുബന്ധ പരീക്ഷണങ്ങൾ രൂപീകരിക്കാനും പ്രാപ്തരാക്കുക.

ശുചിത്വബോധം വളർത്തുക.

**5. ആരോഗ്യ – കായിക വിദ്യാഭ്യാസം**

സ്കൂളിൽ യോഗ പരിശീലനം ആരംഭിച്ച് ശാരീരിക – മാനസിക ആരോഗ്യം ഉയർത്തുക.

കരാട്ടെ പരിശീലനം നൽകുക.

ആരോഗ്യക്ലാസുകൾ സംഘടിപ്പിക്കുക.

**6 കലാപഠനം, പ്രവൃത്തിപരിചയം.**

കലാ-കായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിരുചി വളർത്തിയെടുക്കുക.

**7. അറബിക് ഭാഷാപഠനം.**

ഭാഷാപഠനത്തിലൂടെ എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് നേടുക.

മൂല്യങ്ങളും മനോഭാവങ്ങളും ഉറപ്പ് വരുത്തുക.

സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക.

## പദ്ധതിയും പ്രവർത്തനങ്ങളും
## വിഷയം : മലയാളം

| പഠനനേട്ടങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എല്ലാ കുട്ടികൾക്കും മാതൃഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി നേടുന്നതിന്. | മലയാളത്തിളക്കം (ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ)<br>പ്രീടെസ്റ്റ് - പാക്കേജ് തയ്യാറാക്കൽ - പരിശീലനം - അക്ഷരം ഉറപ്പിക്കൽ - ചിഹ്നം ഉറപ്പിക്കൽ - അക്ഷര കാർഡ് നൽകൽ - വാക്കുകൾ എഴുതിയ കാർഡ് നൽകൽ - വാക്കുകൾ നിർമ്മിക്കൽ - വാക്യങ്ങൾ നിർമ്മിക്കൽ - ചിത്രം അടിക്കുറിപ്പ് - ചിത്രകഥ പറയൽ, എഴുതൽ - കഥ ബാക്കിയെഴുതൽ.<br>സിഡി ചിത്രം വാക്യം എഴുതൽ. | ജൂൺ മുതൽ സെപ്റ്റംബർ വരെ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | ജൂൺ മുതൽ മാർച്ച് വരെ |
| വ്യത്യസ്ത സാഹിത്യ തലങ്ങൾ പരിചയപ്പെടുന്നതിന്. | ചങ്ങാതിക്കൂട്ടം, അരങ്ങത്തേക്ക്.<br>വ്യത്യസ്ത കലാരൂപങ്ങൾ പരിചയപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് വിവിധ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കുന്നതിന് | കൈത്താങ്ങ്<br>ഒന്ന് രണ്ട് ക്ലാസുകൾക്ക് സചിത്ര നോട്ടുബുക്ക് - പഠനോപകരണ നിർമ്മാണ ശില്പശാല - | ജൂൺ മുതൽ സെപ്റ്റംബർ വരെ |

| | | |
|---|---|---|
| | നിർമ്മാണപ്രവർത്തനങ്ങൾ<br>ക്ലാസ് പിടിഎ കൾ - സംയുക്ത ഡയറി വർക്ക് ഷീറ്റ് നൽകൽ - വായനാ മൂല സജ്ജീകരിക്കൽ - വിവിധ നിലവാരക്കാർക്ക് അനുയോജ്യമായപുസ്തകങ്ങൾ ലഭ്യമാക്കൽ വായനക്കൂട്ടം - റീഡേഴ്സ് തിയറ്റർ | ജൂൺ മുതൽ മാർച്ച് വരെ |
| ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുന്നതിന്. | വായനക്കൂട്ടം, വായനോത്സവം<br>വായനക്കൂട്ടം രൂപീകരിക്കൽ - ക്ലാസ് ലൈബ്രറി - സ്കൂൾ ലൈബ്രറി നവീകരി ക്കൽ - പുതുവർഷം പുസ്തക സമാഹരണം - ജന്മദിന പുസ്തകം നൽകൽ - വായന കാർഡ് തയ്യാറാക്കൽ - അസംബ്ലിയിൽ പത്രവായന - ക്ലാസിൽ പത്രക്വിസ് - വായനാക്കുറിപ്പ് തയ്യാറാക്കൽ - വിദ്യാരംഗം - സ്കൂൾ ബാലസഭ - ദിനാചരണ പുസ്തക വായന - പുസ്തകഭാഗം ഭാവാത്മകമായി വായിക്കൽ.<br>വായനാ മത്സരം - സിപിറ്റിഎ യിൽ പുസ്തക പരിചയവും ആനുകാലിക പ്രസി ദ്ധീകരണങ്ങളുടെ വായനയും .<br>വീട് - ഒരു പുസ്തകക്കൂട് | ജൂൺ മുതൽ മാർച്ച് വരെ |
| ലിപികൾ തിരിച്ചറിഞ്ഞ് സ്വന്തമായി വ്യവഹാര രൂപങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന്. | എഴുത്തുകൂട്ടം<br>എഴുത്തുകൂട്ടരൂപീകരണം -വായന ക്കുറിപ്പുകൾ - ആസ്വാദനക്കുറിപ്പുകൾ - ചുമർപത്രിക - പതിപ്പ് തയ്യാറാക്കൽ - ബാലസഭ - വ്യക്തിഗത രചനകൾ - ക്ലാസ് ലൈബ്രറി - കയ്യെഴുത്തു മാസിക<br>സർഗ്ഗാത്മക ഡയറി - സാങ്കൽപ്പിക ഡയറി | |

| | | |
|---|---|---|
| കുട്ടികളിലെ സർഗ്ഗശേഷികളെ വികസിപ്പിച്ചെടുക്കുന്നതിന് | ചിത്രത്തിൽ നിന്നും കഥ എഴുതൽ<br>കുട്ടിപ്പത്രം.<br><br>കാവ്യോത്സവം - പാട്ടരങ്ങ് - കാവ്യാവിഷ്കാരം | ജൂലൈ മുതൽ ഫെബ്രുവരി വരെ |

# Subject - ENGLISH

| Learning Outcomes | Acitivities | Duration |
|---|---|---|
| Describe the pictures | Picture description :<br><br>The teacher shows a picture - Discussion-talk about the picture -<br>Slow lerners - Give opportunity to express the ideas in Malayalam | June to August |
| Arrange words in alphabetical order. | Dictionery<br>Introducing the dictionery - Give words - Arrange the wordis in alphbetical order. | July to March |
| Add more exchanges to the conversation suitable to the contexts. | Conversation<br>Reading the conversation - Conservation with friends - Add more exchanges to the conversation<br>Slow learners - give opportunity to express their ideas in Malayalam. | July to March |
| Identify rhyming words from the poem | Rhyming words<br>Plays the audio of song - Let the learners | July to September |

| | | |
|---|---|---|
| | sing after the audio - Discussion - Identify rhyming words. | |
| Add lines to a poem following a set pattern | Add more lines<br>Play the audio of song - Let the learners sing after the audio - Add lines to the poem. | July to March |
| Introducing 'myself' | Provide opportunity to express myself in the class room | December to March |
| Read and understand the given stories and poems | Let's read.<br>Provides the opportunity to read simple stories and poems. - They tell the story they read.<br>Reader's theatre. | December to March |
| Make simple riddles | Riddles<br>Gives children the opportunity to hear and answer simple riddles - Make simple riddles. | August to March |
| Undertake simple project works given. | Project Works.<br>Gives instruction - Data collection - codifying. | October to March |

# വിഷയം : ഗണിതം

| പഠനനേട്ടം | പഠനപ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സംഖ്യാബോധം (ഒന്നു മുതൽ ആയിരം) സംഖ്യകൾ എണ്ണുന്നതിനും എഴുതുന്നതിനും സംഖ്യകളെ വ്യാഖ്യാനിച്ച്എഴുതുന്നതിന് . | നറുക്കെടുക്കാം.<br>നറുക്ക് കുട്ടികൾക്ക് നൽകുന്നു - കിട്ടിയ സംഖ്യ വായിക്കൽ - സംഖ്യ എഴുതൽ .<br><br>10 ചങ്ങാതിമാർ<br>സംഖ്യ നറുക്ക് എടുക്കുന്നു. കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം.<br><br>പാറ്റേൺ പൂർത്തിയാക്കാം<br>ക്രമത്തിൽ ആക്കാം<br><br>ആരോഹണം അവരോഹണം<br>കൂട്ടങ്ങളാക്കാം<br>ഒരു നിശ്ചിത സംഖ്യയെതന്നെ വ്യത്യസ്ത ങ്ങളായ കൂട്ടങ്ങളാക്കി മാറ്റൽ.<br><br>സംഖ്യാ സൂര്യൻ | ജൂൺ മുതൽ സെപ്റ്റംബർ വരെ |
| നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന്. | ക്ലാസിൽ ഒരു കട<br>ബുക്ക് പേന പെൻസിൽ ചേർത്ത് വില നൽകുന്നു കട ക്രമീകരിക്കുന്നു - ത്രാസ് അളവു പാത്രങ്ങൾ ക്രമീകരിക്കുന്നു - കച്ചവടക്കളി - കളി നോട്ട് | ജൂൺ മുതൽ ഫെബ്രുവരി വരെ. |

| | | |
|---|---|---|
| | ഉപയോഗം - സാധനം വാങ്ങൽ - പണം കൈകാര്യം ചെയ്യൽ- ഗ്രൂപ്പിൽ ചർച്ച- അധ്യാപകന്റെ കൈത്താങ്ങ് .<br>സമയ ചക്രം<br>ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു. സമയം കണക്കാക്കൽ- ഉപകരണങ്ങൾ പരിചയപ്പെടൽ - ഉപയോഗരീതി തിരിച്ചറിയൽ.<br>ഗണിത പഠനോപകരണ ശില്പശാല | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് | ഉല്ലാസ ഗണിതം - ഗണിത വിജയം<br>സംഖ്യാ ചക്രം , ഗണിത പസിലുകൾ<br>സംഖ്യാ ചക്രം കറക്കൽ- രണ്ട് സംഖ്യകൾ തിരഞ്ഞെടുക്കൽ - സംഖ്യകൾ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം.<br><br>ഭാഗ്യവാനെ കണ്ടെത്തൽ<br>ബോർഡിൽ ഒരു സംഖ്യയെഴുതൽ - വിവിധ ക്രിയകൾ-അടങ്ങിയനറുക്കുകൾ തിരഞ്ഞെ ടുക്കൽ - ക്രിയ ചെയ്യൽ - ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളത് കണ്ടെത്തൽ. | ജൂൺ മുതൽ മാർച്ച് വരെ. |
| | ജോഡി കണ്ടെത്താം<br>വിവിധ ക്രിയകൾ അടങ്ങിയ പട്ടിക പ്രദർശനം- സംഖ്യാ നറുക്കുകൾ തിരഞ്ഞെടുക്കൽ - കിട്ടിയ സംഖ്യ ചാർട്ടിലെ ക്രിയയുമായി പൊരുത്തപ്പെടൽ. | ജൂലൈ മുതൽ ഫെബ്രുവരി വരെ |

| | | |
|---|---|---|
| ചിന്തയുടെ ഗണിതവത്കരണം | ഗണിത ബാലസഭ | ജൂലൈ മുതൽ ഫെബ്രുവരി വരെ. |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതപ്പെട്ടി ഒരുക്കൽ - ഗണനചിന്ത | ജൂലൈ മുതൽ ഫെബ്രുവരി വരെ. |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കുക. | ജ്യാമതീയ രൂപങ്ങളുടെ നിർമ്മാണം. | ജൂലൈ മുതൽ ഡിസംബർ വരെ. |

## വിഷയം : പരിസരപഠനം

| പഠനനേട്ടം | പഠനപ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തിയെടുക്കുന്നതിന്. | പ്രകൃതി നടത്തം.<br>ജീവജാലങ്ങളെ നിരീക്ഷിക്കൽ - പ്രത്യേകതകൾ മനസ്സിലാക്കൽ - ആവാസ വ്യവസ്ഥകൾ അടുത്തറിയൽ<br>ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച-<br>മലിനീകരണ പ്രശ്നം അനുഭവിച്ചറിയൽ- തെറ്റും ശരിയും. - ആശയപടം<br>പൂന്തോട്ടം ഒരിക്കൽ<br>ഒരു തൈ നടാം<br>പരിസ്ഥിതി ദിനം -വൃക്ഷത്തൈ നടൽ-<br>നട്ട തൈ പരിപാലനം<br>പോസ്റ്റർ നിർമ്മാണം<br>പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ- പതിക്കൽ<br>ദാഹജലം<br>വേനൽക്കാലത്ത് കിളികൾക്ക് | ജൂൺ മുതൽ ഒക്ടോബർ വരെ |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും വളർത്തിയെടുക്കുന്നതിന് | ദിനകൃത്യങ്ങൾ<br>ബോധവൽക്കരണം -ചർച്ച<br>നമ്പർ 1. | ജൂൺ മുതൽ മാർച്ച് വരെ |

| | | |
|---|---|---|
| | ക്ലാസ് തല ശുചിത്വ മത്സരം<br>പരിസര നടത്തം<br>പരിസരമലിനീകരണം അടുത്തറിയൽ- പ്രശ്നങ്ങൾ കണ്ടെത്തൽ- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ<br>നല്ല ശീലം<br>പോസ്റ്റർ തയ്യാറാക്കൽ -പതിപ്പിക്കൽ | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തിയെടുക്കുന്നതിന്. | ഫീൽഡ് ട്രിപ്പ്<br>സംഘടിപ്പിക്കൽ (കുളം,വയൽ കാട്...)<br>പരീക്ഷണങ്ങൾ<br>ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>ശാസ്ത്രജ്ഞനോടൊപ്പം<br>ക്യാമ്പ് - മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കൽ<br>പക്ഷിനിരീക്ഷണം<br>ക്യാമ്പ് - പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി മുതൽ മാർച്ച് വരെ |
| ട്രാഫിക് നിയമങ്ങളെക്കുറിച്ച് അറിയുന്നതിന്. | വീഡിയോ പ്രദർശനം, സ്കിറ്റ് | ജൂൺ |
| പൊതുമുതൽ സംരക്ഷിക്കേണ്ട തിന്റെ ആവശ്യകത മനസ്സി ലാക്കുന്നതിന്. | ബോധവത്കരണക്ലാസ്സുകൾ, അറിയിപ്പ് ബോർഡ് | ജൂൺ |

# വിഷയം : ആരോഗ്യ-കായിക വിദ്യാഭ്യാസം

| പഠനനേട്ടം | പഠനപ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കുട്ടികളിൽ കായികക്ഷമത വളർത്തിയെടുക്കുന്നതിന്<br><br>കുട്ടികളിൽ ശരിയായ ഭക്ഷണ ശീലങ്ങൾ വളർത്തിയെടുക്കാൻ | കുട്ടികളെ തിരഞ്ഞെടുക്കൽ<br>പരിശീലനം നൽകൽ<br>ക്യാമ്പുകൾ സംഘടിപ്പിക്കൽ<br>യോഗ പരിശീലനം<br>ആയോധനകലകൾ (കരാട്ടെ)പരിശീലനം<br>കായിക പ്രതിഭകളെ ആദരിക്കൽ<br>വൈദ്യ പരിശോധന<br>ആരോഗ്യ ക്ലാസുകൾ<br>സിഡി പ്രദർശനം<br>അടുക്കളത്തോട്ടം<br>പ്രഥമ ശുശ്രൂഷ കിറ്റ് സൗകര്യം ലഭ്യമാക്കൽ | ജൂലൈ മുതൽ ജനുവരി വരെ |
| ലഹരിക്കെതിരെയുള്ള പ്രതിരോധം | പോസ്റ്റർ നിർമ്മാണം, ബോധവത്കരണക്ലാസ് | ജൂൺ |
| ശുചിത്വം , ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കുന്നതിന് | സർവ്വേ , ബോധവത്കരണക്ലാസ്സുകൾ<br>സുംബ ഡാൻസ് | ജൂൺ |

## വിഷയം : കലാപഠനം, പ്രവൃത്തിപരിചയം

| പഠനനേട്ടം | പഠനപ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കലാ-പ്രവൃത്തിപരിചയ മേഖലകളിൽ കുട്ടികളുടെ അഭിരുചികൾ വളർത്തി യെടുക്കുന്നതിന് | പ്രവർത്തി പരിചയം മേഖലയിൽ കഴിവുള്ള വ്യക്തികളുടെ വിവരശേഖരണം<br>റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കൽ<br>പരിശീലനം സംഘടിപ്പിക്കൽ<br>പ്രവർത്തിപരിചയ ലാബ് തയ്യാറാക്കൽ<br>വിപണനമേള<br>കുട്ടി ചന്തകൾ<br>നിർമ്മാണപ്രവർത്തനങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ |

## വിഷയം : അറബിക്

| പഠനനേട്ടം | പഠനപ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഭാഷാ പഠനത്തിനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് നേടുന്നതിന് | മികവിന്റെ വഴിയിൽ<br>മുന്നറിവ് പരിശോധിക്കൽ -അക്ഷരങ്ങൾ ഉറപ്പിക്കൽ -വാചകങ്ങൾ നിർമ്മിക്കൽ- ഭാഷ കേളികൾ | കാലയളവ് ജൂൺ ജൂലൈ |
| വായനയിലൂടെയും എഴുത്തി ലൂടെയും ഭാഷാശേഷി വർദ്ധിപ്പി ക്കുന്നതിന് | വായനാവസന്തം<br>വായന മത്സരം -ക്ലാസ്സ് ലൈബ്രറി -സ്കൂൾ ലൈബ്രറി - ഇ വായന - വായന കുറിപ്പുകൾ - അറബിക് പത്രവായന<br>റേഡിയോ<br>എഴുത്തു ഉത്സവം<br>എഴുത്തുകൂട്ടം - പതിപ്പുകളുടെ നിർമ്മാണം- വായനക്കുറിപ്പ് ശേഖരണം- ഇൻലന്റ് മാഗസിൻ -ചുമർപത്രങ്ങൾ- പോസ്റ്ററുകൾ- ഭാഷാ കളികൾ ലാൻഗ്വേജ് കളികൾ<br>അക്ഷരകാർഡ് നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ |
| മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠനത്തിലൂടെ ഉറപ്പുവരുത്തുന്നതിന് | അറബിക് കമ്മ്യൂണികേഷൻ ആശയവിനിമയ വേദി ക്ലാസ് ഫലം സ്കൂൾ തലം യാത്രകൾ അറബിക് മേള അറബിക് അസംബ്ലി ഭാഷാപ്രദർശനം ഭാഷാ ക്യാമ്പ് | ജൂൺ മുതൽ മാർച്ച് വരെ |

| | | |
|---|---|---|
| ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുന്നതിന്<br><br>സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുന്നതിന് | ലാംഗ്വേജ് ലാബ് സ്മാർട്ട് ക്ലാസ് റൂം അറബി ഭാഷാ സാഹിത്യ ശേഖരങ്ങൾ ചിത്രീകരണങ്ങൾ സിനിമ അനിമേഷൻ സോഷ്യൽ മീഡിയ ആക്ടിവിറ്റീസ്<br>ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

# പ്രവർത്തനകലണ്ടർ

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| **മലയാളം** | |
| മലയാളത്തിളക്കം<br>കൈത്താങ്ങ് | ജൂൺ - സെപ്തംബർ |
| ചങ്ങാതിക്കൂട്ടം<br>വായനാക്കൂട്ടം<br>എഴുത്തുകൂട്ടം, സർഗ്ഗാത്മക ഡയറി<br>സാങ്കൽപ്പിക ഡയറി, പാട്ടരങ്ങ്, കാവ്യോത്സവം | ജൂൺ - മാർച്ച് |
| **ENGLISH** | |
| Picture Description | ജൂൺ - ആഗസ്റ്റ് |
| Rhyming words | ജൂലൈ - സെപ്തംബർ |
| Dictionary<br>Conversation<br>Add more lines | ജൂലൈ - മാർച്ച് |
| Riddles | ആഗസ്റ്റ് - മാർച്ച് |
| Project Works | ഒക്ടോബർ - മാർച്ച് |
| Let's read<br>Reader's Theatre | ഡിസംബർ - മാർച്ച് |
| **ഗണിതം** | |
| സംഖ്യാബോധം<br>നറുക്കെടുക്കാം<br>പത്ത് ചങ്ങാതിമാർ<br>ക്രമത്തിലാക്കാം<br>കൂട്ടങ്ങളാക്കാം<br>സംഖ്യാസൂര്യൻ<br>ഗണിതബാലസഭ<br>ഗണിതപഠനോപകരണശിൽപ്പശാല | ജൂൺ - സെപ്തംബർ |

ക്ലാസിലൊരു കട
സമയ ചക്രം

ജൂൺ - ഫെബ്രുവരി

ഉല്ലാസഗണിതം
ഗണിതവിജയം
സംഖ്യാചക്രം
ഭാഗ്യവാനെ കണ്ടെത്തൽ
ജോഡി കണ്ടെത്താം

ജൂൺ - മാർച്ച്

## പരിസരപഠനം

പ്രകൃതി നടത്തം
പൂന്തോട്ടം ഒരുക്കാം
ഒരു തൈ നടാം
ദാഹജലം

ജൂൺ - ഫെബ്രുവരി

ദിനകൃത്യങ്ങൾ
ബോധവത്കരണം
നമ്പർ 1
നല്ല ശീലം

ജൂൺ - മാർച്ച്

ഫീൽഡ് ട്രിപ്പ്
പരീക്ഷണങ്ങൾ
ശാസ്ത്രജ്ഞനോടൊപ്പം
പക്ഷിനിരീക്ഷണം

ജനുവരി - മാർച്ച്

## ആരോഗ്യ-കായിക വിദ്യാഭ്യാസം

യോഗപരിശീലനം
കരാട്ടെ പരിശീലനം
വൈദ്യപരിശോധന
ആരോഗ്യക്ലാസുകൾ
അടുക്കളത്തോട്ടം

ജൂലൈ - ഫെബ്രുവരി

## കലാപഠനം - പ്രവൃത്തിപരിചയം

| | |
|---|---|
| കലാ-പ്രവൃത്തിപരിചയ പരിശീലനങ്ങൾ<br>വിപണനമേള<br>കുട്ടിച്ചന്തകൾ | ജൂൺ - മാർച്ച് |

## അറബിക്

| | |
|---|---|
| മികവിന്റെ വഴിയിൽ | ജൂൺ - ജൂലൈ |
| വായനാവസന്തം<br>എഴുത്തുൽസവം<br>അറബിക് കമ്മ്യൂണിക്കേഷൻ<br>ലാംഗ്വേജ് ലാബ് | ജൂൺ - മാർച്ച് |

## ഉപസംഹാരം

കുട്ടികളുടെ സർവ്വതോൻമുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ലോവർ പ്രൈമറി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായി പുറത്തുവരുന്ന കുട്ടിയുടെ ആശയധാരണകളിലും ശേഷികളിലും ഉള്ള വികാസം, കുട്ടിയുടെ മൂല്യങ്ങളിലും മനോഭാവങ്ങളിലും ഉണ്ടാകുന്ന മാറ്റം, വിവിധ ഭാഷകൾ-മലയാളം, ഇംഗ്ലീഷ്, അറബിക് എന്നിവ ആശയവിനിമയത്തിന് ഉപയോഗിക്കാൻ കഴിയുംവിധം കുട്ടിയിലുണ്ടാകുന്ന ആത്മവിശ്വാസം, തങ്ങളുടെ അഭിരുചി അനുസരിച്ച് ഏറ്റവും മികവാർന്ന രീതിയിൽ സ്വതസിദ്ധമായ കഴിവുകളുടെ പ്രകടനം എന്നിവ മനസ്സിൽ കണ്ടുകൊണ്ട് തയ്യാറാക്കിയ പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർപ്ലാനിൽ ഉള്ളത്. അത് സാധ്യമാകും വിധം കാഴ്ചപ്പാടും ചിന്തയും പ്രവർത്തനവും ഏകോപിപ്പിച്ചുകൊണ്ട് സമയബന്ധിതമായി പ്രവർത്തിച്ച് ലക്ഷ്യപ്രാപ്തിയിൽ എത്താനാകും എന്നും അതിലൂടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനാകും എന്നും പ്രതീക്ഷിക്കുന്നു.